പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : T 4474

21.03.2018 ൽ
മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ കുടുംബകോടതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കുടുംബ-കോടതി പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) ഈ കോടതി പ്രവർത്തിക്കുന്നത് ഏത് പ്രദേശത്താണെന്നും കോടതി പ്രവർത്തനത്തിന് അനുയോജ്യമായ അന്തരീക്ഷമാണോ എന്നും വ്യക്തമാക്കുമോ; | (ബി) കാസർഗോഡ് മുൻസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയിലാണ് കുടുംബകോടതി സ്ഥിതിചെയ്യുന്നത്. ഈ സ്ഥലം കോടതിയുടെ പ്രവർത്തനത്തിനു അനുയോജ്യമല്ല. |
| (സി) അല്ലെങ്കിൽ അനുയോജ്യമായ സ്ഥലത്തേക്ക് കുടുംബകോടതി മാറ്റിസ്ഥാപിക്കാൻ ആലോചന-യുണ്ടോ; വ്യക്തമാക്കുമോ; | (സി) കുടുംബകോടതി പ്രവർത്തിപ്പിക്കുന്ന-തിനനുയോജ്യമായ ഒരു കെട്ടിടം കാസർഗോഡ് ജില്ലാ ജഡ്ജി കണ്ടെത്തിയിട്ടുണ്ട്. പുതിയ കെട്ടിടത്തിലേക്ക് കുടുംബകോടതി മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ഡി) കുടുംബകോടതി വാടക കെട്ടിട-ത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ എത്രയാണ് മാസവാടക എന്നും വ്യക്തമാക്കുമോ; | (ഡി) 16,250/- രൂപയാണ് നിലവിൽ കാസർഗോഡ് കുടുംബകോടതി കെട്ടിടത്തിന്റെ പ്രതിമാസവാടക. |
| (ഇ) പ്രസ്തുത കോടതിക്ക് സ്വന്തമായി കെട്ടിടം പണിയുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഇ) DSR 2016 പ്രകാരം ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ